പറക്കോട്ട ചന്ത.

139. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ പറക്കോട്ട് ചന്ത പരിഷ്ക്കരിക്കണമെന്ന് എന്തെങ്കിലും സ്കീം ഗവണ്മെൻറിനുണ്ടോ ;

(ബി) ഈ ചന്തയിൽ ശരാശരി ഒരു ചന്തദിവസം എത്ര രൂപയുള്ള ചരക്കുകൾ വിൽക്കുന്നുണ്ട് ;

(സി) ഈ ചന്തയിൽ പാണ്ടിയിൽനിന്നും ധാരാളം ചരക്കുകൾ കൊണ്ടുവരികയും ചന്തയിൽനിന്നും പാണ്ടിയിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നുണ്ടോ ?

ഉത്തരം.

(എ) ഇല്ല. പക്ഷെ അടൂർ പഞ്ചായത്തിന് അങ്ങനെ ഒരു പദ്ധതിയുള്ളതായിട്ടറിയാം.

(ബി) ഏകദേശം 5 ലക്ഷത്തിനും 6 ലക്ഷത്തിനും ഇടയ്ക്ക് വിലവരുന്ന ചരക്കുകൾ ഈ ചന്തയിൽ ശരാശരി ഒരു ദിവസം വിൽക്കപ്പെടുന്നുണ്ട്.

(സി) ഉണ്ട്.

ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ.

140. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ ഓരോ വില്ലേജിൽ നിന്നും ഭൂമി പതിച്ചുകിട്ടുന്നതിനു 1960–ന ശേഷം എത്രപേർ അപേക്ഷിച്ചു ;

(ബി) അതിൽ എത്രപേർക്ക് ഭൂമി പതിച്ചുകൊടുത്തു ;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് പതിച്ചുകൊടുക്കുവാൻ തീരുമാനമുണ്ടാകും ?

ഉത്തരം.

(എ) 20–8–1960–ന് ശേഷം അപേക്ഷ സ്വീകരിക്കേണ്ടതില്ലെന്ന ഉത്തരവിൻെറ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് ശരിയായ കണക്ക് വച്ചിട്ടില്ല.

(ബി, സി) എ–യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ.

141. [9] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ ഓരോ വില്ലേജിൽനിന്നും 1960–ന ശേഷം ഭൂമി പതിച്ചുകിട്ടുന്നതിനു എത്ര അപേക്ഷകൾ കിട്ടി ;

(ബി) അതിൽ എത്രപേർക്ക് പതിച്ചുകൊടുത്തു ;

(സി) ബാക്കിയുള്ളവ എന്നത്തേയ്ക്ക് തീരുമാനിക്കപ്പെടും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 20–8–1960–ന ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് ശരിയായ കണക്ക വച്ചിട്ടില്ല.

(ബി, സി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ.

142. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ 1960–ന ശേഷം ഭൂമി പതിച്ചുകിട്ടുന്നതിനു് ഓരോ പകുതിയിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നു ;

(ബി) അതിൽ ഓരോപകുതിയിലും എത്ര അപേക്ഷകർക്ക് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചു;

(സി) ബാക്കിയുള്ളവ എന്നു പതിച്ചുകൊടുക്കുവാൻ തീരുമാനമുണ്ടാകും;

(ഡി) കുളക്കട വില്ലേജിൽ എത്രപേർക്ക് പതിച്ചുകൊടുത്തു ;

(ഈ) കുളക്കട വില്ലേജിൽ എത്ര അപേക്ഷകർ ഉണ്ടെന്നറിഞ്ഞ് ഭൂമി പതിച്ചുകൊടുക്കുവാനുണ്ടു് ?

ഉത്തരം.

(എ) 20-8-1960–നു് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ചു് ശരിയായി കണക്കുവച്ചിട്ടില്ല.

(ബി, സി) എ–യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി, ഈ) നിലവിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20–8–1960–നു് ശേഷം കിട്ടിയ അപേക്ഷകൾ പരിഗണിച്ചിട്ടില്ല.

ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ.

143. [11] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിൽ ഓരോ വില്ലേജിൽനിന്നും 1960–ന ശേഷം ഭൂമി പതിച്ചുകിട്ടുന്നതിനു് എത്രപേർ അപേക്ഷിച്ചു ;

(ബി) അതിൽ എത്രപേർക്കു് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചു;

(സി) ബാക്കി അപേക്ഷകൾ പരിഗണനയിലെടുക്കാൻ എത്ര കാലതാമസം വേണ്ടിവരും ?

ഉത്തരം.

(എ) 20–8–1960–നു് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ചു് ശരിയായി കണക്കുവച്ചിട്ടില്ല.

(ബി, സി) എ–യ്ക്കു് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly